"ഭരണഭാഷ മാതൃഭാഷ"

DWCD/2189/2025-D1

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം
തീയതി : 16.05.2025
ഇമെയിൽ : directorate.wcd@kerala.gov.in
ഫോൺ നമ്പർ:0471-2346534

## പരിപത്രം

വിഷയം:- വനിത ശിശു വികസന വകുപ്പ് - 15 വർഷത്തിലധികം കാലപ്പഴക്കമുള്ള സർക്കാർ വാഹനങ്ങൾ കണ്ടം ചെയ്യുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:- 1) 31.01.2023 ലെ സ.ഉ. (അച്ചടി) നം. 11/2023/ധന
2) 18.03.2025 ലെ സ.ഉ. (അച്ചടി) നം. 27/11/2025/ധന

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 15 വർഷം കാലപ്പഴക്കം പൂർത്തിയായ സർക്കാർ വാഹനങ്ങൾ നിരത്തിലിറക്കുന്നത് തടഞ്ഞു കൊണ്ട് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. ഇത്തരത്തിലുള്ള സർക്കാർ വാഹനങ്ങൾ കണ്ടം ചെയ്യുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (2) പ്രകാരം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് ഉപയോഗശൂന്യമായ സർക്കാർ വാഹനങ്ങളുള്ള എല്ലാ കാര്യലയ മേധാവികളും ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു.

1. PWD മെക്കാനിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ നിന്നും 15 വർഷം കാലപ്പഴക്കം പൂർത്തിയായ കണ്ടം ചെയ്യേണ്ട സർക്കാർ വാഹനങ്ങളുടെ upset value നിശ്ചയിച്ച് വാങ്ങേണ്ടതും ആയത് സഹിതം VEELS Software-ൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരം രേഖപ്പെടുത്തിയതിന്റെ screen shot എടുത്ത് കാര്യാലയ മേധാവി സാക്ഷ്യപ്പെടുത്തി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

2. ഇത്തരത്തിലുള്ള വാഹനങ്ങൾ രജിസ്റ്റേർഡ് വാഹന സ്ക്രാപ്പിംഗ് ഏജൻസിയായ Metal Scrap Trade Corporation Ltd ( MSTC) യുടെ പോർട്ടൽ മുഖാന്തിരം കണ്ടം ചെയ്യുന്നതിനായി ലേലം ചെയ്യേണ്ടതാണ്.

3. വാഹനം കണ്ടം ചെയ്തതിനു ശേഷം വാഹന സ്ക്രാപ്പിംഗ് ഏജൻസിയിൽ നിന്നും ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് (Certificate of Deposit) കൈപ്പറ്റി ആയതിന്റെ പകർപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചാൽ മാത്രമേ പുതിയ വാഹനം വാങ്ങുന്നതിന് സാധിക്കുകയുള്ളു.

4. നിലവിൽ ഉപയോഗത്തിലുള്ള സർക്കാർ വാഹനങ്ങളുടെ കാലപ്പഴക്കം രജിസ്ട്രേഷൻ തിയതിയിൽ നിന്ന് 14 വർഷവും 6 മാസവും പൂർത്തിയാകുമ്പോൾ PWD മെക്കാനിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ നിന്നും വില നിശ്ചയിച്ച് ലേലം നടത്തി വൽക്കേണ്ടതാണ്. പ്രസ്തുത നടപടികൾ വാഹനത്തിന് 14 വർഷം

പൂർത്തിയാകുമ്പോൾ തുടങ്ങേണ്ടതും 14 വർഷവും 6 മാസവുമാകുമ്പോൾ പൂർത്തീകരിക്കേണ്ടതുമാണ്.

5. മേൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനായി സർക്കാർ വാഹനങ്ങൾ 15 വർഷം കാലപ്പഴക്കം പൂർത്തിയാകുന്നതുവരെ കാത്തിരിക്കാൻ പാടില്ല.

വിശ്വസ്തതയോടെ,

ഃ വനിത ശിശുവികസന ഡയറക്ടർ